LIBRARY ARCHIVES Kerala Legislative Assembly

നബാർഡ് വായ്പ

26(*206) ശ്രീ. പാലോട് രവി :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം നബാർഡ് സംസ്ഥാനത്തിന് വായ്പ അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ എത്ര തുകയാണ് വായ്പയായി നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ എത്രശതമാനം കൂടുതൽ തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഏതൊക്കെ മേഖലകളിൽ വിനിയോഗിക്കുവാനാണ് പ്രസ്തുത വായ്പ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഈ സാമ്പത്തിക വർഷം നബാർഡ് സംസ്ഥാനത്തിന് വായ്പ അനുവദിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

ഭവന നിർമ്മാണ പദ്ധതികൾ

27(*207) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് പ്രാബല്യത്തിലുള്ളതെന്ന് വ്യക്തമാക്കാമോ ;